പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1582 | 14.06.2013 ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടി ജീവനക്കാർക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക | |
| ചോദ്യം | ഉത്തരം |
| ശ്രീ. എളമരം കരീം | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 550/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചു.<br>2. അംഗൻവാടി പ്രവർത്തകരുടെ വിരമിക്കൽ പ്രായം 60 വയസ്സിൽ നിന്നും 62 വയസ്സായി ഉയർത്തി.<br>3. അംഗൻവാടി ജീവനക്കാരെ നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 44 വയസ്സിൽ നിന്നും 46 വയസ്സായി ഉയർത്തി.<br>4. അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് രൂപീകരിച്ചു.<br>5. 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ അംഗൻവാടി വർക്കർ മാരുടേയും, ഹെൽപ്പർമാരുടെയും ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 1000 രൂപയിൽ നിന്നും 1400 രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. |
| (ബി) 2012-13 സാമ്പത്തിക വർഷത്തിൽ അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തി നായി എന്തു തുക ബഡ്ജറ്റിൽ വകയി രുത്തി; എന്ത് തുക ചെലവഴിച്ചു ; | (ബി) അംഗൻവാടി വർക്കേഴ്സ് &ഹെൽപ്പേഴ്സ് ക്ഷേമ നിധി വിഹിതത്തിനു തുല്യമായ സർക്കാർ വിഹിതമായി 1,26,67,911/- രൂപ 2012-13 സാമ്പത്തിക വർഷത്തിൽ വകയിരുത്തി അനുവദിച്ചിട്ടുണ്ട്. മുൻ ബാക്കി, അംഗങ്ങളുടെ വിഹിതം, സർക്കാർ വിഹിതം എന്നിവയടങ്ങുന്ന ക്ഷേമനിധി ഫണ്ടിൽ നിന്നും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിയ ഇനത്തിൽ 3,07,36,075/- രൂപ പ്രസ്തുത സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുമുണ്ട്. |

<table>
<tr>
<td>(സി) അംഗൻവാടി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;</td>
<td>(സി) അംഗൻവാടി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതും ആനുകൂല്യം വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിഗണനയിലാണ്.</td>
</tr>
<tr>
<td>(ഡി) ഇപ്പോൾ അംഗൻവാടി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ?</td>
<td>(ഡി) നിലവിൽ അംഗൻവാടി ജീവനക്കാർക്ക് അനുവദിച്ചു വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th></th><th>ആനുകൂല്യം</th><th>തുക</th></tr>
<tr><td>1</td><td>മരണാനന്തരാനുകൂല്യം</td><td>10,000 രൂപ</td></tr>
<tr><td>2</td><td>വൈദ്യ സഹായം</td><td>1,000 രൂപ (പ്രത്യേക കേസുകളിൽ 10,000 രൂപ വരെ)</td></tr>
<tr><td>3</td><td>വിവാഹ വായ്പ</td><td>2,000 രൂപ</td></tr>
<tr><td>4</td><td>അംഗൻവാടി ജീവനക്കാരുടെ മക്കളിൽ എസ്.എസ്.എൽ.സി ക്ക് എല്ലാ വിഷയ ത്തിനും "A"+ വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ്</td><td>500 രൂപ</td></tr>
<tr><td>5</td><td>വിദ്യാഭ്യാസ വായ്പ</td><td>1,000 രൂപ</td></tr>
<tr><td>6</td><td>വീടിന്റെ അറ്റകുറ്റപ്പണിക്ക്</td><td>5,000 രൂപ</td></tr>
<tr><td>7</td><td>ഭവന നിർമ്മാണ വായ്പ</td><td>10,000 രൂപ</td></tr>
</table>
ഇതു കൂടാതെ അംഗൻവാടി ജീവനക്കാർ സേവനത്തിലിരിക്കെ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് (പെൺമക്കൾക്കോ, അവരുടെ അഭാവത്തിൽ സഹോദരിക്കോ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അംഗൻവാടിയിൽ നിയമനം നൽകുന്നുണ്ട്.<br>
62 വയസ്സ് പൂർത്തിയായി വിരമിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി യഥാക്രമം 500 രൂപ, 300 രൂപ</td>
</tr>
</table>

| | |
|---|---|
| | പ്രതിമാസ പെൻഷനായി നൽകി വരുന്നുണ്ട്. അഗൻവാടിയിൽ നിന്നും വിരമിക്കുന്നവർക്കും പിരിഞ്ഞു പോകുന്നവർക്കും ക്ഷേമനിധിയിൽ അവർ അടച്ച വിഹിതവും തത്തുല്യമായ സർക്കാർ വിഹിതവും ടി തുകയുടെ 11% പലിശയും ചേർത്ത് ക്ഷേമനിധി ആനുകൂല്യമായും അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ